1-1-2011-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ നിയമ സാധുതയെ ചോദ്യം ചെയ്തുകൊണ്ടും, നിയമന നടപടികളിൽ പങ്കെടുക്കുന്നതിന് അർഹമായ അവസരം ലഭിച്ചില്ല എന്ന് ആരോപിച്ചുകൊണ്ടും വിവിധ കേസ്സുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പരിഗണനയ്ക്കുവന്ന സാഹചര്യത്തിൽ സർക്കാർ കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ (കെ.എസ്.പി.സി.) മുഖാന്തരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുകയുണ്ടായി. പുതിയ നിയമന നടപടികൾ സ്വീകരിച്ച് പുതിയ റാങ്ക് ലിസ്റ്റ് റിയാബിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കണമെന്ന് വിവക്ഷിച്ചിരുന്നു. റിയാബിന്റെ മേൽനോട്ടത്തിൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ നടപടി തുടങ്ങിവച്ചിരുന്നെങ്കിലും ആയത് പൂർത്തിയായിട്ടില്ല. ഇതിനെതിരെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകൾ/ ഇടക്കാല ഉത്തരവുകൾ തീർപ്പാകാത്തതുമൂലം നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല.

(ഇ) പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട് :

1. പദ്ധതിക്കാവശ്യമായ നിയമനങ്ങൾ പൂർത്തിയായിട്ടില്ല. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ട്.

2. അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് 7.18 കോടിരൂപ അധികമായി വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

നിയമന നടപടികളിന്മേലുള്ള കോടതി കേസ്സുകൾ തീർപ്പാവുകയും മില്ലിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിനാവശ്യമായ പണം ലഭ്യമാവുകയും ചെയ്യുന്ന മുറയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങാനാവുമെന്ന് കരുതുന്നു.

## ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

**216 (T561)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി പൂർത്തിയാക്കുന്നതിന് വീഴ്ച വരുത്തിയിരിക്കുന്നതുമൂലം പെട്രോനെറ്റ് എൽ.എൻ.ജി. കമ്പനിക്ക് പ്രതിവർഷം എത്ര രൂപ നഷ്ടം ഉണ്ടാകുന്നെന്ന് അറിയിക്കാമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കാൻ ജനങ്ങളുടെ തെറ്റിദ്ധാരണകളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് തയ്യാറാകാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(സി) ഈ പദ്ധതി നിലവിൽ വരുന്നത് വഴി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ ;

(ഡി) പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) പെട്രോനെറ്റ് എൽ.എൻ.ജി. കമ്പനിക്ക് പ്രതിവർഷം 398 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്.

(ബി) പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകൾതോറും എൽ.എൻ.ജി. പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകൾ സെന്റർ ഫോർ ഗ്രീൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് എന്ന എൻ.ജി.ഒ.-യുടെ കീഴിലുള്ള ഏജൻസി മുഖേന നടത്തിവരുന്നു. കൂടാതെ എറണാകുളം ജില്ലയിലും തിരുവനന്തപുരത്തും നടത്തിവരാറുള്ള വിവിധ വ്യാവസായിക വേദികളിലും എൽ.എൻ.ജി. ഒരു ഹരിത വാതകമാണെന്നും ഇതിന്റെ ഉപയോഗത്തെക്കുറിച്ചും കേരളത്തിന്റെ വികസനത്തിന് ഒരു മുതൽക്കൂട്ടാണെന്നും വിവിധ മീഡിയകൾവഴി ജനങ്ങളിലെത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. ജില്ലകളിലും താലൂക്കുകളിലും ഉദ്യോഗസ്ഥ-ജനപ്രതിനിധികളെ ഉൾപ്പെടുത്തി കൂടുതൽ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുവരുന്നു.

(സി) എൽ.എൻ.ജി. പദ്ധതി നിലവിൽ വരുന്നതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാവുന്ന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ് :

1. ഹരിതവാതകമായ ദ്രവീകൃത പ്രകൃതി വാതകം അന്തരീക്ഷ മലിനീകരണം ഉണ്ടാക്കാത്ത ദോഷവിമുക്തമായ സമ്പത്താണ്.

2. നാഫ്ത, കൽക്കരി, ഫർണസ് ഓയിൽ, ഡീസൽ, പെട്രോൾ എന്നിവയെക്കാൾ താരതമ്യേന കുറഞ്ഞ ചെലവിൽ ദ്രവീകൃത പ്രകൃതി വാതകം ലഭിക്കുന്നു.

3. ചെറുകിട വൻകിട സ്ഥാപനങ്ങളെ എൽ.എൻ.ജി.യുടെ ഉപയോഗത്താൽ സാമ്പത്തികമായി മുൻപന്തിയിൽ എത്തിക്കാനും ഉത്പാദന മികവ് വർദ്ധിപ്പിക്കാനും സഹായകമാകും.

LIBRARY ARCHIVES Kerala Legislative Assembly

4. എൽ.എൻ.ജി.യുടെ ഉപയോഗത്താൽ സംസ്ഥാനത്ത് ഉണ്ടാകാവുന്ന വ്യാവസായിക വികസനം സംസ്ഥാനത്തിന് പുറത്ത് പ്രവർത്തിക്കുന്ന ചെറുകിട വൻകിട വ്യവസായ സ്ഥാപനങ്ങളെയും അനുബന്ധ മേഖലകളെയും കേരളത്തിലേക്ക് ആകർഷിക്കും.

5. രാജ്യത്തിന്റെ മറ്റ് ഗ്യാസ് പൈപ്പ് ലൈനുകളുമായി ബന്ധപ്പെടുത്തി വാതക ലഭ്യത ഉറപ്പുവരുത്താൻ സഹായിക്കും.

6. എൽ.എൻ.ജി. ഉപയോഗിച്ച് പവർപ്ലാന്റ് സ്ഥാപിക്കുന്നതുവഴി രാജ്യത്തെ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാനും ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനും സഹായിക്കും.

7. പ്രധാന നഗരങ്ങളിൽ സിറ്റിഗ്യാസ് കണക്ഷൻ ഉറപ്പുവരുത്താവുന്നതാണ്.

8. എൽ.എൻ.ജി. ഉപയോഗിച്ച് സി.എൻ.ജി. ഓട്ടോമൊബൈൽ വാഹനങ്ങളുടെ പ്രസക്തി കൂട്ടാവുന്നതും ഉപഭോക്താക്കൾക്ക് ചെറിയ ചെലവിൽ സി.എൻ.ജി. ലഭ്യത കേരളത്തിലുടനീളം ഉറപ്പുവരുത്താനും സഹായിക്കും.

9. എൽ.എൻ.ജി. ടെർമിനലിന്റെ ഉപയോഗം 100 ശതമാനം പ്രയോജനപ്പെടുത്തുന്നതിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷം കോടിക്കണക്കിന് രൂപയുടെ നികുതി വരുമാനം ഉണ്ടാകുന്നതാണ്. കൂടാതെ സംസ്ഥാനത്തിന്റെ മറ്റുചില അടിസ്ഥാന വികസനങ്ങൾക്കും ഒരു മുതൽക്കൂട്ടാണ്.

(ഡി) ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സ്ഥലമെടുപ്പിനെതിരെ തദ്ദേശവാസികളുടെ എതിർപ്പാണ് പദ്ധതിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നത്. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റി ജനങ്ങളുടെ മനസ്സിലുണ്ടായിട്ടുള്ള അടിസ്ഥാനരഹിതമായ ആശങ്കയാണ് എതിർപ്പിന് ആധാരമായിട്ടുള്ളത്. ഗെയിൽ അധികൃതർ നേരിട്ടും സർക്കാർ വകുപ്പുകൾ, വിവിധ എൻ.ജി.ഒ.-കൾ മുഖാന്തരവും നിരന്തരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുവാൻ സർക്കാർ പരിശ്രമിക്കുന്നുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൈപ്പ് ലൈൻ കടന്നുപോകുന്ന ഏഴ് ജില്ലകളിലെ കളക്ടർമാർ, ഗെയിൽ, പെട്രോനെറ്റ് എൽ.എൻ.ജി. എന്നിവയിലെ പ്രതിനിധികൾ, പ്ലാനിംഗ് ബോർഡ് അംഗം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. വിജയരാഘവൻ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയം യോഗം ചേരുകയും പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സമിതിയുടെ പ്രവർത്തനഫലമായി പദ്ധതിയുടെ നടത്തിപ്പിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**വൈക്കം താലൂക്കിലെ ഖനന അനുമതികൾ**

**217 (562)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര ഖനന അനുമതികളാണ് നൽകിയിട്ടുള്ളതെന്നും ഇവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഖനനാനുമതിക്ക് എന്തെല്ലാം നിബന്ധനകളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അനധികൃത ഖനനത്തിനെതിരെ വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനിടയിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 4-12-2014 മുതൽ 9-6-2015-വരെ കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റത്തിൽ അനുമതി നൽകിയിട്ടില്ല. സാധാരണ മണലിന് ശ്രീ. കെ. കെ. ഹരിഹരൻ, കൃഷ്ണശ്രീ, തോന്നല്ലൂർ, മേവെള്ളൂർ. പി. ഒ. വൈക്കം എന്നയാൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. സാധാരണ മണ്ണിന് ശ്രീ. രമേശൻ, വെള്ളിലാം ചുവട്ടിൽ വീട്, കെ.എസ്.പുരം, അറുനൂറ്റിമംഗലം പി. ഒ. എന്ന വ്യക്തിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ.

(സി) വൈക്കം താലൂക്കിൽ 2014 ഡിസംബർ മാസം മുതൽ 2015 മേയ് മാസം വരെ നടത്തിയ 31 പരിശോധനകളിൽ സാധാരണ മണ്ണിന്റെ 6 അനധികൃത ഖനനങ്ങളും സാധാരണ മണലിന്റെ 3 അനധികൃത ഖനനങ്ങളും ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിന്റെ 2 അനധികൃത കടത്തും കണ്ടെത്തുകയും ടി കേസ്സുകൾ തീർപ്പുകൽപ്പിച്ച് 9,96,138 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly